(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി &ഡി/259/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

തീയതി 03.02.2017

Email lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്/സെക്രട്ടറി മുഖേന

ചിറയിൻകീഴ്ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1), ചട്ടം 20, 23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) , (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കളക്ടറേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

4) ഓഫീസ് കോപ്പി.

5) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ബി &ഡി/ 259/2017 തീയതി: 03.02.2017

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകിഴ് ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കു റിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആറ് അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ ആറെണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.മോഹനൻപിള്ള. വി.എം. ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16.01.2017മുതൽ 21.01.2017വരെ

*ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :*

1. ശ്രീ.സാബു .ജി, ഓഡിറ്റ് ഓഫീസർ.
2. ശ്രീമതി.ലേഖ.എം.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
3. ശ്രീ.വിനോദ്.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ.

(1) നിർവ്വഹണാധികാരികളുടെ വിവരങ്ങൾ

| പേര് | കാലയളവ് |
|---|---|
| പ്രസിഡന്റ്, | |
| 1. ശ്രീമതി.ഒ.എസ്.അംബിക | 01.04.15 മുതൽ 31.08.15 വരെ |
| 2. ശ്രീ.ആർ.സുഭാഷ് | 11.09.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | |
| 1. ശ്രീ. കെ.അനിലകുമാർ | 01.04.15 മുതൽ 12.05.15 വരെ |
| 2. ശ്രീ ആൻഡ്രൂസ് .റ്റി | 13.05.15 മുതൽ 04.02.16 വരെ |
| 3. ശ്രീ ലെനിൻ | 05.02.16 മുതൽ 9.02.16 വരെ |
| 4. ശ്രീ അബ്ദുൾ സലാം.റ്റി | 10.02.16 മുതൽ31.03.16 വരെ |

(2) നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| തസ്തിക | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | ശ്രീ.കെ.അനിലകുമാർ | 01.04.14 - 31.03.15 | ലളിത വിലാസം, നെട്ടയം, തിരുവനന്തപുരം. |
| | ശ്രീ ആൻഡ്രൂസ് .റ്റി | 13.05.15- 04.02.16 | അരുണിമ, കോളിയൂർ, മുട്ടയ്ക്കാട് പി.ഒ |
| | ശ്രീ ലെനിൻ (ഇൻ ചാർജ്ജ്) | 05.02.16- 09.02.16 | |
| | ശ്രീ അബ്ദുൾ സലാം.റ്റി | 10.02.16- 31.03.16 | ആഷിക് മൻസിൽ, ആർ.എസ്.പുരം, കരുനാഗപ്പള്ളി |
| അസി.എക്സി. എഞ്ചിനീയർ, LSGD | ശ്രീ.റ്റി.വി.അശോക് കുമാർ | 01.04.15- 31.03.16 | റ്റി.സി.13/1765(3),മിഥില, മുറിഞ്ഞപാലം, മെഡിക്കൽ കോളേജ് തിരുവനന്തപുരം. |
| അസി.എഞ്ചിനീയർ | ശ്രീമതി.ധന്യശ്രീ | 01.04.15- 31.03.16 | വസന്തം, നെല്ലിവിള പി.ഒ, പുല്ലാനിമുക്ക്, വെങ്ങാനൂർ, തിരുവനന്തപുരം |
| AD (Agri) | ശ്രീമതി.രേഖ | 01.04.14- 31.03.15 | AD (Agri), ആറ്റിങ്ങൽ റ്റി.സി.27/2262 കോൺവെന്റ് ലെയ്ൻ, സ്റ്റാച്യൂ റോഡ്, തിരുവനന്തപുരം. |
| C.D.P.O | ശ്രീമതി.കല | 01.04.15- 31-03-16 | സ്മരണ, ജനതാറോഡ്, ചെമ്പഴന്തി പി.ഒ |
| Sr.Veterinary Surgeon | ഡോ.എ.നസീർ | 01.04.15- 31.03.16 | Suheel nest, കുനംകുളം ലെയിൻ, ശ്രീനിവാസ പുരം, വർക്കല. |
| M.O,CHC, Anchuthengu | ഡോ.ശ്യാംജി. വോയിസ്. | 01.04.15- 31.03.16 | ഗേളി മഹൽ പുന്നമൂട്, വർക്കല. |

| | | | |
|---|---|---|---|
| Supdt.Chirayinkil Taluk Head Quarters Hospital | ഡോ.ഗീത | 01.04.15-31.03.16 | ചെറുകോണത്ത് വീട് മുണ്ടയിൽ, വർക്കല.പി.ഒ. |
| ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഗൗരി പി | 01.04.15-31.03.16 | E9- ശാന്തിനഗർ, കരമന |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.എസ്. ചന്ദ്രിക | 01.04.15-05.08.15 | മങ്ങാട്ട് വീട്, റ്റി.സി 6/11-11 കാഞ്ഞിരംപാറ, തിരുവനന്തപുരം |
| | ശ്രീമതി.സനൂജ ബീഗം | 06.08.15-04.09.15 | സിറാജ് മൻസിൽ, ചിറ്റാറ്റ് മുക്ക്, കണിയാപുരം |
| | ശ്രീ.ജി.ആനന്ദൻ | 07.09.15-31.03.16 | മുടിയിൽകുന്നിൽ, അരുകളിക്കൽ, വടക്കടത്തുകാട്, അടൂർ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക സർട്ടിഫിക്കറ്റ് | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2 | | | |
| ഇല്ല | | | |

| ഭാഗം 3 | | |
|---|---|---|
| 12 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - അധികമായി നല്കിയ തുക തിരികെ ഈടാക്കിയിട്ടില്ല. | 3-1 |
| 13 | ഐ.എ.വൈ. വനിതാഘടക പദ്ധതികളിൽ പുരുഷന്മാർ ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നു | 3-2 |
| 14 | ഐ.എ.വൈ ഭവന നിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല | 3-3 |
| 15 | പാലിയേറ്റിവ് കെയർ - പദ്ധതി നടപ്പാക്കിയില്ല - രോഗികളില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥ | 3-4 |
| 16 | താലൂക്ക് ആശുപത്രിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് - വ്യവസ്ഥയില്ലാതെ കണക്കുകൾ | 3-5 |
| 17 | വേനൽക്കാല സംരക്ഷണം കാലിത്തീറ്റ വിതരണം - ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരമില്ല | 3-6 |

| | | |
|---|---|---|
| 18 | എൻ.എ.സി-യില്ലാതെ മരുന്നുവാങ്ങൽ- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 3-7 |
| 19 | മരുന്ന് വാങ്ങൽ പദ്ധതി-യഥാസമയം മരുന്നുകൾ ലഭ്യമാകുന്നില്ലആര്യൻകുന്ന്-അതിർത്തിമുക്ക് റോഡ് രൂപീകരണം പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചു | 3-8 |
| 20 | ആര്യൻകുന്ന്-അതിർത്തിമുക്ക് റോഡ് രൂപീകരണം - പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചു | 3-9 |
| 21 | റോഡ് കോൺക്രീറ്റിംഗ് - അധിക നിരക്ക് അനുവദിച്ചു | 3-10 |
| 22 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകങ്ങൾ | 3-11 |
| ഭാഗം -4 | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ) | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബഡ്ജറ്റ് 24-03-15 തീയതിയിലെ I-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ്, പ്രതീക്ഷിത ചെലവ് എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ്, ജനറൽ കമ്മിറ്റി മിനിട്ട്സ് എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 12.08.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | - | - |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. BPFA2, BPFA2b, maintenance grant എന്നിവയുടെ വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വാർഷിക ധനകാര്യപത്രികയിൽ BPFA2- നീക്കിയിരിപ്പ് രൂപ 75000/- രേഖപ്പെടുത്തിയിരിക്കുന്നു.സ്ഥാപനത്തിന്റെ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് 0 ആണ്.
3. Receipt & Payment Schedule ൽ Closing balance വിവരങ്ങൾ (RP 40(b) ഉൾപ്പെടുത്തിയിട്ടില്ല.
4. Receipt & Payment Schedule ൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് ചെലവ് തുകകൾ പ്രകാരം നീക്കിയിരിപ്പ് തുക 39843962/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം (B17 Schedule) നീക്കിയിരിപ്പ് 39826262/-രൂപയാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ സാമ്പത്തിക വിശകലനം ഫണ്ട് വിനിയോഗം എന്നിവ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 1-5 ഫണ്ട് വിനിയോഗം

- ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 80 | 116081669 | 65 | 48674348 | | 15 | 81 |

## 1-7 തനത് വരുമാനം

ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിപാലിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കേ ണ്ടതാണ്. ഐ.എ.വൈ ഭവന പദ്ധതിയുടെ വിവിധ ഫണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ജനറൽ കമ്മിറ്റി മീറ്റിംഗ് മിനിട്സ് എന്നിവയിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കേണ്ടതാണ്. 2015-16-ലെ ബജറ്റ് വരവ് ചെലവ് വിവരങ്ങൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. അക്കൗണ്ട്സ് പരിപാലിക്കുന്നതിൽ കൃത്യതയില്ല. തന്മൂലം സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ സ്ഥാപനത്തിന്റെ വരവ് ചെലവുകൾ യഥാവിധി ഉൾപ്പെടുത്തി സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2016– 28.07.16 | 2015– 2016 | 25.10.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.08.2016-09.08.16 | 01.07.2014-31.07.16 | 26.09.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

•• ••

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - അധികമായി നല്കിയ തുക തിരികെ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| 1 | SOO 20/16 | മുള്ളിയൻകാവ് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 125000 | 125000 | 85382 | 24/18/15-16, 30.01.16 |
| 2 | SOO 19/16 | കൊട്ടുപാറക്കോണം കന്നിൽക്കാവിൽ റോഡ്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 100000 | 100000 | ലഭിച്ചിട്ടില്ല. | 20/14/15-16, 30.01.16 |
| 3 | SOO 18/16 | കല്ലുവിളകോളനി കോരാണി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 70000 | 70000 | ലഭിച്ചിട്ടില്ല | 35/31/15-16, 30.03.16 |
| 4 | SOO 16/16 | നവഗ്രഹതോട്ടത്തിൽകാവ്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 175000 | 175000 | 74001 | 19/13/15-16, 30.01.16 |
| 5 | SOO 17/16 | അഴൂർ അരികത്തുവാർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 175000 | 175000 | 150987 | 23/17/15-16, 30.01.16 |
| 6 | SO0/15/16 | പണ്ടാരത്തുവിള പമ്മംകോട്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 200000 | 36060 | 18/12/15-16, 30.01.16 |
| 7 | SOO 14/16 | കന്നിൽ കുന്തള്ളൂർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 55000 | 55000 | 49116 | 22/16/15-16, 30.01.16 |

ബി.ഡി.ഒ. നിർവ്വണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള മേൽ സൂചിപ്പിച്ച പ്രോജക്ടുകൾക്കായി 900000/-രൂപ പിൻവലിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിട്ടി ആറ്റിങ്ങലിന് നൽകിയിട്ടുണ്ട്.

വാട്ടർ അതോറിട്ടി നൽകിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം അഞ്ച് പ്രോജക്ടുകൾക്ക് ആകെ 395546/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക 334454/-രൂപ (730000-395546) വാട്ടർ അതോറിട്ടിയിൽ നിന്നും ഈടാക്കിയിട്ടില്ല. രണ്ട് പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ചെലവ് തുകയിൽ അധികരിച്ച് നല്കിയ ഡെപ്പോസിറ്റ് തുക വാട്ടർ അതോറിട്ടിയിൽ നിന്നും തിരികെ ഈടാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പദ്ധതികളുടെ സാക്ഷ്യപത്രം ലഭ്യമാക്കി ചെലവ് തുകയിൽ അധികരിച്ച് തുക ഡെപ്പോസിറ്റ് ചെയതിട്ടുണ്ടെങ്കിൽ അത്രയും തുക കൂടി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-2 ഐ.എ.വൈ. വനിതാഘടക പദ്ധതികളിൽ പുരുഷന്മാർ ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നു.

| ക്രമ നം. | പദ്ധതി നം./ പേര് | അടങ്കൽ തുക | ചെലവ് തുക | ഗുണഭോക്താവിന്റ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | എസ്002/16 , ഐ എ വൈ ഭവന പദ്ധതി (എസ് സി പി) | 35076530 | 1280000/- 13/2015-16, 23.9.15 | ബിജുകുമാർ വലിയവിള വീട്, കോരാണി | 32000/- |
| | | | 480 000/- 33/15-16,10.3.16 | ബിജു കെ, പുത്തൻവിള കോളനി, നൈനാംകോണം | 32000/- |
| | | | 480 000/- 33/15-16,10.3.16 | സുരേഷ് റ്റി,ദിവ്യ ഭവൻ,വേലൂർകോണം | 32000/- |
| | | | 480 000/- 33/15-16,10.3.16 | ജയൻ, തിട്ടയിൽ വീട്, പുളുന്തുരുത്തി | 32000/- |
| | | | 384000/- 20/15-16,15.02.16 | ബിജുകുമാർ വലിയവിള വീട്, കോരാണി | 32000/- |
| | | | 384000/- 20/15-16,15.02.16 | ജയൻ, തിട്ടയിൽ വീട്, പുളുന്തുരുത്തി | 32000/- |
| 2 | എസ്001/16 , ഐ എ വൈ ഭവന പദ്ധതി (ജനറൽ) | 37000000/- | 3232000/- 4/2015-16, 25.9.15 | പുരുഷോത്തമൻ പിള്ള പോക്കുപറമ്പിൽ വീട്, ഊരുപൊയ്ക | 32000 |
| | | | 511055/- 6/2015-16,30-9-15 | സാബു അയ്യപ്പൻതോട്ടം , കായിക്കര | 32000/- |
| | | | 511055/- 6/2015-16,30-9-15 | പുരുഷോത്തമൻ പിള്ള പോക്കുപറമ്പിൽ വീട് , ഊരുപൊയ്ക | 32000/- |

| | | | | | |
|---|---|---|---|---|---|
| 3) | G O Project 102/16 , ഐ എ വൈ ഭവന പദ്ധതി (ജനറൽ) | 2600000/- | 2600000/- 37/15-16,31.3.16 | മനോജ് കൊച്ചു പുത്തൻ വീട്,തോണികടവ് | 50000/- |
| | | | 2600000/- 37/15-16,31.3.16 | ഫിറോസ്, ഫിറോസ് മൻസിൽ തോണിക്കടവ് | 50000/- |
| | GO Project 03/16 , ഐ എ വൈ ഭവന പദ്ധതി | 2500000/- | 2500000/- 35/15-16,31.03.16 | ബിജു ,പുത്തൻവിള കോളനി, തെന്നൂർക്കോണം | 100000/- |
| | | | 2500000/- 35/15-16,31.03.16 | ബാബു, പരന്റെവിള,തെക്കും ഭാഗം | 100000/- |
| | | | 2500000/- 35/15-16,31.03.16 | ബിജുകുമാർ വലിയവിള വീട്, കോരാണി | 100000/- |

വനിതാ ഘടക പദ്ധതിയിൽ പുരുഷന്മാർക്ക് ആനുകൂല്യം നല്കാനുണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2, തീയതി 18.01.17) നല്കിയ മറുപടിയിൽ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയിട്ടുള്ളതെന്ന് മറുപടി നല്കി. പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കിയ 688000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഐ.എ.വൈ ഭവന നിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല.

1) പ്രോജക്ട് നം, പേര് - SOO01/14-15, IAY ഭവന നിർമ്മാണം- അധിക ധനസഹായം (ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ - ബി.ഡി.ഒ

അടങ്കൽ തുക - 34100000/- (വികസനഫണ്ട് -6720000/-)

ചെലവ് തുക - 6720000/-

ബിൽ നം./തീയതി - 4/15-16 dt.23.09.15, 3232003/-

6/15-16, dt.30.09.15, 511055/-

11/15-16, dt.29.01.2016, 1205530/-

5/15-16, dt.30.09.2015, 1248945/-

21/15-16, dt.15.02.2016, 522467/-

2) പ്രോജക്ട് നം, പേര് - SOOO2/16, IAY ഭവന നിർമ്മാണം-

അധിക ധനസഹായം (എസ്.സി.പി)

നിർവ്വഹണോദ്യോഗസ്ഥൻ - ബി.ഡി.ഒ

അടങ്കൽ തുക - 32780000/- (വികസനഫണ്ട് -6880000/-)

ചെലവ് തുക - 6880000/-

ബിൽ നം./തീയതി - 3/15-16 dt.23.09.15, 1280000/-

7/15-16, dt.30.09.15, 416000/-

23/15-16, dt.27.02.2016, 4800000/-

20/15-16, dt.15.02.2016, 384000/-

മേൽ സൂചിപ്പിച്ച പ്രോജക്റ്റുകളിൽ ഏതാനും ഗഡുക്കൾ മാത്രം കൈപ്പറ്റി നാളിതുവരെ പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | കിഴുവിലം (എസ്.സി) | രമണി എസ് ,ഉത്രാടം വീട്,കിഴുവിലം | 177500 |
| 2 | | ബിന്ദു.ബി,ബിന്ദു ഭവൻ,പറയത്തുകോണം | 17500 |
| 3 | | ബിന്ദു.എം,പ്ലാവിള വീട്, മുടപുരം | 188940 |
| 4 | | വത്സല ,തൈക്കടത്തിൽ വീട്,കുന്തള്ളൂർ | 17500 |
| 5 | | സുനിത എസ്,കാട്ടുവിള വീട്,കിഴുവിലം | 157500 |
| 6 | | രാജി എം എ,ചരുവിള വീട്,കിഴുവിലം | 139500 |
| 7 | | മഹേശ്വരി ജെ,ചരുവിള വീട്, കടുവയിൽ, ആറ്റിങ്ങൽ | 42000 |
| 8 | | രമാദേവി,ലക്ഷ്മിവിലാസം,കാട്ടുംപുറം,കടുവയിൽ | 179500 |
| 9 | | ഷൈനി. ബി,പറയത്തുകോണം ലക്ഷംവീട് | 109500 |
| 10 | | ഷീജ.ബി,ചരുവിള വീട്,കിഴുവിലം | 109500 |
| 11 | | സുരേഷ് റ്റി,ദിവ്യ ഭവൻ,കിഴുവിലം | 179500 |
| 12 | | സാവിത്രി പി,വി എസ് ഭവൻ,കിഴുവിലം | 59500 |
| 13 | | പ്രിയ എസ്,നാല്പുരത്ത് വീട്,കുന്തള്ളൂർ | 59500 |
| 14 | | ആനന്ദൻ എ,വയലിൽ വീട്,കുന്തള്ളൂർ | 17500 |
| 15 | | തങ്കി എസ്,ചരുവിള വീട്,കിഴുവിലം | 17500 |
| 16 | | സുധ എ,കല്ലുവിള വീട് ,മുടപുരം | 17500 |
| 17 | | കുമാരി പി,എ കെ നിവാസ്,കുറക്കട | 139500 |
| 18 | | ചന്ദ്രിക, രേവതി ഭവൻ,കുറക്കട | 139500 |
| 19 | | രാജൻ .ബി,കാട്ടിൽകുന്നിൽ വീട്,പറയത്തുകോണം | 111500 |
| 20 | | ഭവാനി,പമ്മംകോട് ചരുവിള വീട്,പറയത്തുകോണം | 187500 |
| 21 | | ഉഷ കെ,അറ്റവേരമ്പിൽ വീട്,കുന്തള്ളൂർ | 17500 |
| 22 | | കാർത്ത്യായനി,മാപ്പുറത്തിടവീട്,കുന്തള്ളൂർ | 37500 |
| 23 | | സുധ ജി,ചെറുവിള വീട്,കുന്തള്ളൂർ | 37500 |
| 24 | | രാഘവൻ,കൊടിക്കകം വീട്,കുന്തള്ളൂർ | 37500 |
| 25 | | ഗീത .ജി,പുത്തൻവിള കോളനി,മുടപുരം | 37500 |
| 26 | കിഴുവിലം | റസീന ബീവി,കിഴക്കേവിള വീട്, പറയത്തുകോണം | 17500 |

| | | | |
|---|---|---|---|
| 27 | (ജനറൽ) | ജസീന നാസർ,നഹാസ് മൻസിൽ,മുടപുരം | 59500 |
| 28 | | ഷിബിന.എസ്,എ കെ നിവാസ്,മുടപുരം | 59500 |
| 29 | | വാസന്തി,കാവുവിള വീട്, കീഴാറ്റിങ്ങൽ | 17500 |
| 30 | | ഗീത നാലുതെങ്ങ് വീട്,കടയ്ക്കാവൂർ | 17500 |
| 31 | | മായ,പുലയൻവിള വീട്,കീഴാറ്റിങ്ങൽ | 59500 |
| 32 | | സരസ്വതി,കല്ലുവിള വീട്,കീഴാറ്റിങ്ങൽ | 161500 |
| 33 | കടയ്ക്കാവൂർ | അഞ്ജു, പൈയ്ക്കവിള വീട്,കീഴാറ്റിങ്ങൽ | 59500 |
| 34 | (എസ്.സി) | ലീല വിളയിൽവീട്,എ കെ നഗർ | 37500 |
| 35 | | അഖില,കോട്ടൂർപുത്തൻവിള,കീഴാറ്റിങ്ങൽ | 37500 |
| 36 | | രഞ്ജിത്ത്,വട്ടവിളവീട്,കീഴാറ്റിങ്ങൽ | 79500 |
| 37 | | ഓമന,കാട്ടുവിള വീട്,കീഴാറ്റിങ്ങൽ | 37500 |
| 38 | | സരസ്വതി,പുതുവൽവിളവീട്,കീഴാറ്റിങ്ങൽ | 339500 |
| 39 | | മേരി,പുതുവൽപുരയിടം,കടയ്ക്കാവൂർ | 109500 |
| 40 | കടയ്ക്കാവൂർ | ഹലീമാബീവി,കാട്ടുവിളവീട്,പേരകുളം | 87500 |
| 41 | | ഷാനി,ഷാൻകോട്ടേജ്,കടയ്ക്കാവൂർ | 59500 |
| 42 | (ജനറൽ) | ഷീല,പുത്തൻവിളവീട്,ഏലാപ്പുറം | 141500 |
| 43 | | ശ്യാമള,ഇഴാംമൂല വീട്,കല്ലൂർകോണം | 17500 |
| 44 | | ഗിരിജ ശിശുമോൻ,ഗിരിജവിലാസം,കൊട്ടമൺ | 17500 |
| 45 | | ശോഭ,വയൽത്തിട്ടവീട്, ഈഞ്ചക്കൽ, ശാർക്കര | 188940 |
| 46 | ചിറയിൻകീഴ് | അരുന്ധതി, പുതുവൽവീട്, മഞ്ചാടിമൂട് | 77000 |
| 47 | | സുദേവി, തലപ്പിൽപുത്തൻവീട്,ശാർക്കര | 59500 |
| 48 | (എസ്.സി) | സരസു,വയലിൽവീട്,കടകം | 161500 |
| 49 | | ശുഭശിവാനന്തൻ,കൊച്ചുവീട്,വയൽത്തിട്ട,കടകം | 139500 |
| 50 | | സുനിത,കുഴിയിൽവീട്,ശാർക്കര | 177500 |
| 51 | ചിറയിൻകീഴ് | ഹരിതലാൽ,ആറ്റുളമ്പിൽ,പുതുക്കരി | 169500 |
| 52 | (ജനറൽ) | ബിന്ദു പി,ഒറ്റിയിൽവീട്,പുതുക്കരി | 17500 |
| 53 | | കാർത്തിക,എ ജി ഭവൻ,പാലോട് | 17500 |
| 54 | | ശാരദ,ഒലിപ്പുറത്ത് വീട്,കൈപ്പറ്റിമുക്ക് | 139500 |
| 55 | | വിജയകുമാരി,കരിക്കകംകുന്നിൽവീട്.ഇളമ്പ | 179500 |
| 56 | മുദാക്കൽ | ശാരദ സി,താഴേക്കാട്കിഴക്കുംകര പുത്തൻവീട്,മുദാക്കൽ | 109500 |
| 57 | (എസ്.സി) | കുഞ്ഞി,വാറുവിള വീട്,പിരപ്പൻകോട്ടുകോണം | 159500 |
| 58 | | ശ്യാമള,കുന്നിൽവീട്,ചേമ്പുംകുഴി,ആലിയാട് | 17500 |
| 59 | | ശോഭ,വാറുവിളവീട്,പിരപ്പൻകോട്ടുകോണം | 188940 |
| 60 | | രാജി,ചരുവിളപുത്തൻവീട്,ഊരുപൊയ്ക | 179500 |

| | | | |
|---|---|---|---|
| 61 | | അംബിക കുന്നിൽവീട്,ആലിയാട് | 17500 |
| 62 | | സിന്ധു,പച്ചയിൽവീട്,വാളക്കാട് | 139500 |
| 63 | | സുനിത എസ്, ദൃശ്യനിവാസ്, മുദാക്കൽ | 139500 |
| 64 | | ബിന്ദു, കാഞ്ഞിരത്തുംമൂട്, ഇളമ്പ | 111500 |
| 65 | | നിഷ, അണമുത്ത് വീട്, അയിലം | 109500 |
| 66 | | നാരായണി, ബ്ലോക്ക് നം.35, പുകയിലത്തോപ്പ് | 139500 |
| 67 | മുദാക്കൽ (ജനറൽ) | വസന്തകുമാരി, പനക്കൽവീട്, മുദാക്കൽ | 149500 |
| 68 | അഞ്ചുതെങ്ങ് (ജനറൽ) | ഫബിയോള, മുഖ്യസ്ഥൻ പറമ്പ്, അഞ്ചുതെങ്ങ് | 169500 |
| 69 | | ശ്രീലത സന്തോഷ്, കുളങ്കര, പടിഞ്ഞാറ്റതിൽ, കായിക്കര | 139500 |
| 70 | | മേരി, നെട്ടുംതോപ്പ്, അഞ്ചുതെങ്ങ് | 17500 |
| 71 | | ഷെർലി, ലാലിയഭവൻ, തട്ടാൻവിളപുത്തൻനട | 17500 |
| 72 | | റോസ്ബെൽ, പുന്നക്കവിളാകം, അഞ്ചുതെങ്ങ് | 17500 |
| 73 | വക്കം (എസ്.സി) | സുമാദേവി, അയ്യൻവിളാകം, വക്കം | 169500 |
| 74 | | ഉദയ,മാമത്തിന്റഴികം. വക്കം | 89500 |
| 75 | | ശാന്തിനി,പണ്ടാരത്തോപ്പ്,വക്കം | 59500 |
| 76 | | സിമി, പരവൻ വിളാകം, വക്കം | 17500 |
| 77 | വക്കം (ജനറൽ) | വിജയകമാരി,കുന്നിൽവീട്,വക്കം | 59500 |

പ്രസ്തുത ഗുണഭോക്താക്കളെക്കൊണ്ട് പണി പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പാലിയേറ്റിവ് കെയർ - പദ്ധതി നടപ്പാക്കിയില്ല - രോഗികളില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥ

ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശ രോഗികൾ, പക്ഷാഘാതം പോലുള്ള കാരണങ്ങളാൽ ശരീരം തളർന്ന് കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമായ പ്രമേഹ രോഗികൾ, അപസ്മാര രോഗികൾ, ദീർഘകാല മാനസികരോഗമുള്ളവർ, പ്രായാധിക്യത്താൽ ബുദ്ധിമുട്ടുന്നവർ തുടങ്ങി ദീർഘകാല പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമുള്ള രോഗികൾക്ക് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിലേക്കായി സർക്കാർ പാലിയേറ്റീവ് പരിചരണ നയം (Pain and Palliative Care Policy of Kerala) [സ.ഉ.(പി) നം.109/ 2008/ആ.ക.ക്ഷേ.വ. തീയതി.15.04.2008] ആവിഷ്ക്കരിക്കുകയും ആയതിന്റെ നടത്തിപ്പിലേക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സർക്കാർ നയപ്രകാരം പാലിയേറ്റിവ് കെയർ തദ്ദേശ ഭരണസ്ഥാപനങ്ങൾ നിർബന്ധിത (Mandatory) പദ്ധതിയായി നടപ്പിലാക്കേണ്ടതുമാണ്. പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖയിലെ [സ.ഉ.(എം.എസ്.)നം. 228/ 2012/തസ്വഭവ തീയതി.23.08.2012] ഖണ്ഡിക 4, 5.1 എന്നിവയിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുള്ളതാണ്.

2015-16 കാലയളവിൽ പാലിയേറ്റിവ് കെയർ പദ്ധതിക്കായി (പ്രോജക്ട് നം.35/16) വികസനഫണ്ടിൽ (ജനറൽ) നിന്നും 5,00,000/- രൂപ വകയിരുത്തിയെങ്കിലും ടി പദ്ധതി നടപ്പിലാക്കാതെ മുഴുവൻ തുകയും നിർവ്വഹണോദ്യോഗസ്ഥ സറണ്ടർ ചെയ്യുകയാണുണ്ടായത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി. 19.01.2017) ആശുപത്രിയിൽ 56 പാലിയേറ്റിവ് രോഗികൾ മാത്രമേയുള്ളൂവെന്നും ഇത്രയും തുക ആവശ്യമില്ലാത്തതിനാൽ സറണ്ടർ ചെയ്തുവെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള ആറ് പഞ്ചായത്തുകളിലായി ആയിരത്തോളം പാലിയേറ്റിവ് രോഗികളുള്ളപ്പോഴാണ് 56 പാലിയേറ്റിവ് രോഗികൾ മാത്രമേയുള്ളൂവെന്ന് നിർവ്വഹണോദ്യോഗസ്ഥ അവകാശപ്പെടുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സെക്കന്ററി തലത്തിൽ പ്രവർത്തനങ്ങൾ നടത്താമെന്നിരിക്കെ രോഗികൾ കുറവാണെന്നുള്ള നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. കൂടാതെ നിർബന്ധിതമായി സർക്കാർ നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തി നടപ്പാക്കാതെ അവശരും നിർധനരുമായ രോഗികൾക്കു നേരെ മുഖം തിരിക്കുന്നതിനും സർക്കാർ നിർദ്ദേശത്തിന് വില കല്പിക്കാതിരിക്കുകയും ചെയ്യുന്നത് ഉചിതമായ നടപടിയല്ല. ശരിയായ വിലയിരുത്തലില്ലാതെ രോഗികൾ കുറവാണെന്ന നിർവ്വഹണോദ്യോഗസ്ഥയുടെ നിലപാടാണ് പദ്ധതി ആസൂത്രണത്തിൽ മാത്രം ഒതുങ്ങാൻ കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ നയങ്ങൾക്ക് വിരുദ്ധമായ സമീപനം സ്വീകരിച്ച നിർവ്വഹണോദ്യോഗ സ്ഥയ്ക്കെതിരെ വകുപ്പ്തല നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 താലൂക്ക് ആശുപത്രിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് - വ്യവസ്ഥയില്ലാതെ കണക്കുകൾ

പ്രോജക്ട് നം. 10/16 (താലൂക്ക് ആശുപത്രിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ്) എന്ന പദ്ധതിയിൽ വൈദ്യുതിചാർജ്ജിനത്തിൽ കെ.എസ്.ഇ.ബിക്ക് നൽകിയ തുകയിൽ ഇരട്ടിപ്പ് കാണുന്നു. ഉദാഹരണമായി 636- ാം കൺസ്യൂമർ നമ്പറിലുള്ള വൈദ്യുത കണക്ഷന്റെ 8/15, 9/15 എന്നീ മാസത്തെ ബില്ലുകൾ യഥാക്രമം 32570/- രൂപയും 34227/- രൂപയുമാണ്. ഒമ്പതാം മാസത്തെ ബില്ലിൽ എട്ടാം മാസത്തെ തുക ഉൾപ്പെടെയാണെന്നിരിക്കെ രണ്ടു ബില്ലുകളും യഥാക്രമം 01/2016 ലും 11/2015 ലും മാറിയിട്ടുള്ളതാണ്. (ബിൽ നം. CB No.1/15-16 dt.31.10.2015 & CB No.3/15-16 dt.30.12.2015) 8/15 ലെ കുടിശ്ശികയുൾപ്പെടെയാണ് 9/15 ലെ ബില്ല് നൽകുകയെന്നിരിക്കിലും മേൽപ്പറഞ്ഞപ്രകാരം തുക ഒടുക്കിയിട്ടുള്ളത് ആശാസ്യമല്ല.

കൂടാതെ വൈദ്യുതിചാർജ്ജ്, വെള്ളക്കരം, ടെലഫോൺ ചാർജ്ജ് എന്നിവയുടെ രജിസ്റ്റർ, 2015-16 കാലയളവിലെ മുഴുവൻ ബില്ലുകൾ, പെയ്മെന്റ് വൗച്ചറുകൾ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.5 തീയതി. 19.01.2017) ആയത് ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നും ശരിയാം വിധം രജിസ്റ്ററുകൾ പരിപാലിക്കുന്നില്ലായെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 3-6 വേനൽക്കാല സംരക്ഷണം കാലിത്തീറ്റ വിതരണം - ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരമില്ല.

2015-16 കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിൽ വേനൽക്കാല സംരക്ഷണം കാലിത്തീറ്റ വിതരണം (പ്രോജക്റ്റ് നം.21/15-16) എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 1120000/- രൂപയും ഗുണഭോക്തൃ വിഹിതമായി 1120000/- രൂപയും വകയിരുത്തിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് ശേഖരിച്ച് കാലിത്തീറ്റ വിതരണം നടത്തിയിട്ടുമുള്ളതാണ്. 10.10.2014 ലെ ജി.ഒ.(ആർ.ടി) നം. 2613/14/ത.സ്വ.ഭ.വ എന്ന ഉത്തരവിൻ പ്രകാരം ക്ഷീരസംഘങ്ങളിൽ നിന്നും ശേഖരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങണമെന്നുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം നേടിയിട്ടില്ലാത്തതാണെന്ന് ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി.18.01.2017) ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് ബ്ലോക്ക് ഭരണസമിതിയെ അറിയിച്ചിട്ടുള്ളതായി മറുപടി നല്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ഉറപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

## 3-7 എൻ.എ.സി-യില്ലാതെ മരുന്നുവാങ്ങൽ- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

പ്രോജക്റ്റിന്റെ പേര് : സർക്കാർ ആശുപത്രികൾക്ക് മെഡിസിൻ ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്റ്റ് നമ്പർ : SOO95/16

ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതിയായ സർക്കാർ ആശുപത്രികൾക്ക് മെഡിസിൻ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി 3,71,885/- രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനായി 28,000/- രൂപയും വികസനഫണ്ടിൽ വകയിരുത്തുകയും ആയതിനനുസരിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക കൈമാറിയിട്ടുള്ളതുമാണ്. (ബിൽ നം. CB No.6/15-16 തീയതി 19.01.2016, Rs.275000/- & ബിൽ നം. CB No.7/15-16 തീയതി 30.03.2016, Rs.99885/-) എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുള്ളത് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് എന്ന് കാണുന്നു. ഇത് സർക്കാർ ഉത്തരവുകളുടെയും പദ്ധതി മാർഗ്ഗരേഖകളുടെയും ലംഘനമാണ്. ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ചുമാത്രമേ പദ്ധതികൾ നടപ്പാക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

## 3-8 മരുന്ന് വാങ്ങൽ പദ്ധതി-യഥാസമയം മരുന്നുകൾ ലഭ്യമാകുന്നില്ല.

2015-16 സാമ്പത്തിക വർഷത്തെ പദ്ധതിയായ സർക്കാർ ആശുപത്രികൾക്ക് മെഡിസിൻ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി 3,71,885/- രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനായി 28,000/- രൂപയും (ആകെ 3,99,885/- രൂപ) വികസനഫണ്ടിൽ വകയിരുത്തുകയും ആയതിനനുസരിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക കൈമാറിയിട്ടുള്ളതുമാണ്. (ബിൽ നം. CB No.6/15-16 തീയതി 19.01.2016, Rs.275000/- & ബിൽ നം. CB No.7/15-16 തീയതി 30.03.2016, Rs.99885/-) എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും 25648/-രൂപയുടെ ഉപകരണങ്ങളും

54243/-രൂപയുടെ മരുന്നുകളും നാളിതുവരെ ആശുപത്രികൾക്ക് ലഭിച്ചിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച മെഡിക്കൽ ഓഫീസറുടെ കത്തിന് കെ.എം.എസ്.സി.എൽ അധികൃതർ പ്രതികരിച്ചിട്ടില്ല. ആയതിനാൽ സാധാരണക്കാരും നിർദ്ധനരുമായ രോഗികൾക്ക് യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിലേക്കായി സർക്കാരിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 ആര്യൻകുന്ന്-അതിർത്തിമുക്ക് റോഡ് രൂപീകരണം - പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചു.

പ്രോജക്റ്റ് നം. - 45/15, SO 82/16

അടങ്കൽ തുക - 500,000/- (വികസന ഫണ്ട്, 2014-15)

222,549/- (വികസന ഫണ്ട്, 2015-16)

AS No: 1/14.02.2014

TS No: 92/AEE/LSGD/CKL BP/PR/2014-15 dt.05.09.2014

കോൺട്രാക്ടർ - ശ്രീ.എ.നഹാസ് (below 25%)

എം.ബുക്ക് നം. - 306/15-16

ലെവൽ ഫീൽഡ് ബുക്ക് - 2/14-15

കരാർ നം. - 09/AEE/LSGD CKLBP/PR/14-15 dt.30.12.2014

ബിൽ നം. 33/15-16 dt.31.03.2016 , Rs.222549/-

മുദാക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അതിർത്തിമുക്ക്-ആര്യൻകുന്നിലെ നിലവിലുള്ള റോഡിന്റെ കയറ്റം കുറച്ച് റോഡിനെ കൂടുതൽ ഗതാഗത യോഗ്യമാക്കു ന്നതിനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ചിറയിൻകീഴ് ബ്ലോക്ക് അസി. എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി അസി. എക്സി. എഞ്ചിനീയർ പദ്ധതിക്ക് സാങ്കേതിക അനുമതിയും നൽകിയിരുന്നു. എസ്റ്റിമേറ്റ് പ്രകാരം 2454m3 മണ്ണ് കിളച്ചുമാറ്റി റോഡ് നിരപ്പാക്കുക എന്ന ഒരു ഇനം പ്രവൃത്തി മാത്രമാണുണ്ടായിരുന്നത്.

30.12.2014-ൽ റോഡ് പ്രവൃത്തിക്കായി നിർദ്ദിഷ്ട സ്ഥലം ശ്രീ.നഹാസിന് കൈമാറി. വർക്ക് ഓർഡർ പ്രകാരം 28.02.2015 ൽ പ്രവൃത്തി പൂർത്തീകരിക്കാൻ സമയം അനുവദിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും 2014-15 ൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ വന്നതായി കണ്ടു. 22.04.2015 ലെ ശ്രീ.നഹാസിന്റെ അപേക്ഷയിൽ ടി പ്രവൃത്തി പ്രകാരമുള്ള എർത്ത് കട്ടിംഗും ഫില്ലിംഗും നടന്നു വരികയാണെന്നും ചിലഭാഗങ്ങളിൽ ഏകദേശം 35 മീറ്ററോളം നീളത്തിൽ പാറയുള്ളതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലായെന്നും പാറ കട്ട് ചെയ്യുന്നതിനുള്ള തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. ആയതു പ്രകാരം ടി എസ്റ്റിമേറ്റ് അടങ്കൽ തുകയിൽ മാറ്റമില്ലാതെ റിവൈസ് ചെയ്യണമെന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സി.എഞ്ചിനീയർ ബ്ലോക്ക് പ്രസിഡന്റ്/സെക്രട്ടറിയോട് പലപ്രാവശ്യം ആവശ്യപ്പെട്ടു. എന്നാൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ 27.02.16 ലെ 29/15 ാം നമ്പർ തീരുമാന പ്രകാരം പ്രവൃത്തി ക്ലോസ് ചെയ്യുന്നതിനും പാറ പൊട്ടിക്കുന്നതിനുള്ള

തുകകൂടി ഉൾപ്പെടുത്തി മറ്റൊരു പ്രോജക്ട് വയ്ക്കുന്നതായിരിക്കും ഉചിതം എന്നും അസി.എക്സി.എഞ്ചിനീയർ പ്രസിഡന്റ്/സെക്രട്ടറിയെ അറിയിച്ചു. 29.02.2016 ലെ I(b) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പ്രവൃത്തി ക്ലോസ് ചെയ്യുന്നതിനും ഫൈനൽ ബിൽ നൽകുന്നതിനും അനുമതി നൽകി. ആയതു പ്രകാരം അതുവരെ ചെയ്ത പ്രവൃത്തിയായ 1467.735 m3 മണ്ണ് നീക്കം ചെയ്ത് ഫില്ല് ചെയ്ത പ്രവൃത്തിക്ക് ച.മീറ്ററിന് 202.17 രൂപ നിരക്കിൽ 296731.98 രൂപ പ്രവൃത്തി മൂല്യം കണക്കാക്കുകയും ബിൽ തുകയായ 222549/- രൂപ അനുവദിച്ചു നൽകുകയും ചെയ്തു.

പ്രവൃത്തിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗുരുതരമായ പിഴവുകൾ സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി വിശദമായ ഒരു സാധ്യതാ പഠനം നടത്തിയിട്ടില്ലായെന്ന് 21.01.2017 ലെ ഓഡിറ്റ് എൻക്വയറി നം.6 ന് മറുപടി നൽകിയിട്ടുണ്ട്. സ്ഥലത്തെ ഭൂമിശാസ്ത്രപരമായ ഘടന മനസ്സിലാക്കുന്നതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർക്ക് വീഴ്ച സംഭവിച്ചു. പാറയുള്ള പ്രദേശമായതിനാൽ മണ്ണ് നീക്കം ചെയ്ത് മാത്രം റോഡ് രൂപീകരിക്കുവാൻ കഴിയില്ലായെന്ന വസ്തുത മനസിലാക്കാനും കഴിയാതെ പോയി. നിർവ്വഹണവേളയിൽ പ്രസ്തുത പദ്ധതിയിൽ വേണ്ട ഭേദഗതിവരുത്തുന്നതിൽ ബ്ലോക്ക് പഞ്ചായത്തിനും ഗുരുതരമായ വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.



പാതിവഴിയിൽ ഉപേക്ഷിച്ച അതിർത്തിമുക്ക് - ആര്യൻകുന്ന് റോഡ്

21.01.2017 ൽ ഓഡിറ്റ് ടീം, അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവർ സംയുക്തമായി നടത്തിയ പരിശോധനയിൽ ആര്യൻകുന്നിനെ അതിർത്തിമുക്കമായി ബന്ധിപ്പിച്ച് വാഹന ഗതാഗത യോഗ്യമാക്കിയിട്ടില്ല എന്നു കണ്ടു. കൂടാതെ നീക്കം ചെയ്ത മണ്ണ് മുഴുവനായും റോഡ് ഫില്ലിംഗിനായി ഉപയോഗിച്ചിട്ടുണ്ടോ എന്നതും സംശയാസ്പദമാണ്.

പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായ പാളിച്ചയും, ഭരണതലത്തിൽ നിന്നുള്ള സമുചിതമായ ഇടപെടലുകളില്ലായ്മയുമാണ് പ്രസ്തുത പ്രവൃത്തിയുടെ ലക്ഷ്യം കൈവരിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കാൻ ഇടയാക്കിയത്. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 റോഡ് കോൺക്രീറ്റിംഗ് - അധിക നിരക്ക് അനുവദിച്ചു.

2015-16 വർഷത്തേക്ക് അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അസി.എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയതുമായ പദ്ധതികൾ പരിശോധിച്ചതിൽ, റോഡ് കോൺക്രീറ്റിംഗിലെ ചുവടെ പ്പറയുന്ന ഇനത്തിൽ അധിക നിരക്ക് അനുവദിച്ചതായി കാണുന്നു.

സിമന്റ് കോൺക്രീറ്റ് 1:2:4 (1 cement, 2 course sand, 4 graded stone aggregate 20mm nominal size) എന്ന ഇനത്തിൽ കോൺക്രീറ്റ് വർക്കിന്റെ ഡി.എസ്.ആർ കോഡ് ആയ 4.1.3 പ്രകാരമുള്ള നിരക്കായ 7808.99 (01.01.2015 മുതൽ പ്രാബല്യമുള്ളത് - Basic Rate 5466.30 x Cost Index 1.42857) ആണ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ ഫ്ലോറിംഗിന് അനുവദനീയമായ ഡി.എസ്.ആർ കോഡ് ആയ 11.7 പ്രകാരമുള്ള 1:2:4 കോൺക്രീറ്റിന്റെ നിരക്കായ 8227.42 (Basic Rate 5759.20 x Cost Index 1.4287) എന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | അനുവദിച്ച തുക | അനുവദിക്കേണ്ടിയിരുന്ന തുക | അധികമായി അനുവദിച്ചതുക |
|---|---|---|---|---|
| 1 | പുരവൂർ എൽ.പി.എസ് റോഡ്<br>32/ 16<br>500000/-(വികസന ഫണ്ട്)<br>കോൺട്രാക്ടർ -എ.നഹാസ്<br>( Below 23.35%)<br>ബിൽ നം : 21/15-16 dt.22.02.2016)<br>ബിൽ തുക:375954/-<br>ഇനം :Item no 4<br>എം ബുക്ക്:197/15-16 | 22.523 $m^3$@<br>RS 8227.42=185306.18 | 22.523$M^3$@<br>RS 7808.99<br>=175881.88 | 7225.61 |
| 2 | കരിച്ചാംപാറ റോഡ്<br>46/16<br>500000/-(വികസനഫണ്ട്)<br>കോൺട്രാക്ടർ - ശ്രീ.സതീഷ് കുമാർ (Below 11%)<br>ബിൽ നം. 23/15-16 dt. 23.03.2016, Rs.442881/-<br>M Book No : 219/15-16<br>ഇനം- ഐറ്റം നം. 13 | 1.50 $m^3$ @ Rs. 8227.42 = 12341.13 | 1.50 $m^3$ @ Rs. 7808.99 = 11713.48 | 558.61/- |
| 3 | മൂലയിൽ വാറുവിളാകം റോഡ്<br>50/16<br>500000/-(വികസനഫണ്ട്)<br>കോൺട്രാക്ടർ - ശ്രീ.ബാജി.എം (Below 21.11%)<br>ബിൽ നം. 19/15-16 dt. 27.02.2016 Rs.382577/-<br>M Book No : 178/15-16<br>ഇനം- ഐറ്റം നം. 3 | 23.119 $m^3$@ Rs. 8227.42 = 190209.72 | 23.119 $m^3$@ Rs. 7808.99 = 180536.04 | 7631.57/- |
| 4 | വിളയിൽ വാറുവിളാകം റോഡ്<br>49/16 | 19.759 $m^3$ @ Rs. 8227.42 = 162565.59 | 19.759 $m^3$ @ Rs. 7808.99 = 154297.83 | 6440.58/- |

| | | | | |
|---|---|---|---|---|
| | 500000/- (വികസനഫണ്ട്)<br>കോൺട്രാക്ടർ - ശ്രീ.ബാജി.എം (Below 22.1%)<br>ബിൽ നം. 20/15-16 dt. 27.02.2016 Rs.384509/-<br>M Book No : 176/15-16<br>ഇനം- ഐറ്റം നം. 4 | | | |
| 5 | നെടുംപുറം റോഡ്<br>33/16<br>500000/- (വികസനഫണ്ട്)<br>കോൺട്രാക്ടർ - ശ്രീ.ജയകുമാർ (Below 20.15%)<br>ബിൽ നം. 14/15-16 dt. 28.01.2016 Rs.398931/-<br>M Book No : 176/15-16<br>ഇനം- ഐറ്റം നം. 3 | 28.800 $m^3$ @ Rs. 8227.42 = 195812.60 | 28.800 $m^3$@ Rs. 7808.99 = 185853.96 | 7951.98/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.6, തീയതി. 21.01.2017) തിരുവനന്തപുരം ജില്ലാ എക്സി.എഞ്ചിനീയറുടെ 23.05.2014 ലെ D2/EE/LSGD/14-15 ാം നമ്പർ സർക്കുലർ പ്രകാരം റോഡ് കോൺക്രീറ്റിന് DSR Code 11.7 പ്രകാരമുള്ള നിരക്ക് അനുവദിക്കാമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായി അസി.എക്സി.എഞ്ചിനീയർ അറിയിച്ചു. 2015-16 കാലയളവിൽ തന്നെ റോഡ് കോൺക്രീറ്റിന് മറ്റു ചില പ്രവൃത്തികൾക്ക് DSR Code 4.1.3 പ്രകാരമുള്ള നിരക്കും അനുവദിച്ചിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ഒരേ തരം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്കുകൾ അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്.

ഒരേയിനം പ്രവത്തിക്ക് വ്യത്യസ്തനിരക്കുകൾ അനുവദിക്കുന്നത് ഒഴിവാക്കുന്ന തിലേക്കും നിരക്കുകൾ ഏകീകൃതമാക്കുന്നതിലേക്കുമായി ഭരണസമിതിയുടെയും സർക്കാരിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകങ്ങൾ

*a) സെലക്ഷൻ നോട്ടീസ് അയയ്ക്കുന്നതിൽ കാലതാമസം*

2012 ലെ പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ Firm Period നകമോ (ഏതാണ് ആദ്യമെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായുള്ള അറിയിപ്പ് രജി.പോസ്റ്റ്/കൊറിയർ/ഇ-മെയിൽ ആയി അയക്കാം. ലെറ്റർ രജിസ്റ്റർ ചെയ്ത തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി കണക്കാക്കുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ഉടമ്പടി വച്ചില്ലെങ്കിൽ PACയുടെ 1% പിഴ (മിനിമം 1000/-, പരമാവധി 25000/-) ഈടാക്കി കരാർ ഉടമ്പടി വയ്ക്കാം. 14 ദിവസവും പിഴയോടു കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ ഉടമ്പടി വയ്ക്കാത്തപക്ഷം കരാർ ഉടമ്പടി റദ്ദാക്കണം. EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരം മറ്റു നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേനിരക്കിലും ഇതേ നിബന്ധനയിലും കരാർ ഏറ്റെടുക്കാമോയെന്ന് negotiate ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം. എന്നാൽ ചിറയിൻകീഴ്

ബ്ലോക്ക് പഞ്ചായത്തിൽ യഥാസമയം സെലക്ഷൻ നോട്ടീസ് അയയ്ക്കുന്നതായി കാണുന്നില്ല. തുടർന്നുള്ള കരാർ ചമയ്ക്കലിലും സമയപരിധി പാലിക്കുന്നില്ല. തന്മൂലം പദ്ധതികളുടെ നിർവ്വഹണത്തിലുടനീളം കാലതാമസം നേരിടുന്നു. ആയതിനാൽ ഭാവിയിൽ നടപ്പാക്കുന്ന പദ്ധതികളിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള സമയക്രമം നിർബന്ധമായും പാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്.

*b) ഗുണഭോക്തൃ സമിതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.*

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഏതാനും പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ സംസ്ഥാന ബോർഡ് വകുപ്പ് 1999 ൽ പുറത്തിറക്കിയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചതായി കാണുന്നില്ല. ഭാവിയിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

*c) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.*

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 31.03.2014 വരെയുള്ള ആസ്തികളുടെ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയും മൂല്യാധിഷ്ഠിതമായും സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| പ്രോജക്ടിന്റെ പേര് | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| IAY General | ഗ്രാമപഞ്ചായത്ത് | 6012500 |
| IAY General | ജില്ലാ പഞ്ചായത്ത് | 8417500 |
| IAY SCP | ഗ്രാമപഞ്ചായത്ത് | 5687500 |
| IAY SCP | ജില്ലാ പഞ്ചായത്ത് | 7962500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക | തിരികെ ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | - | 900000 | 395546 | 0 | 504454 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 23688/JRY/1/13 CRD dated 12.3.14 | 5463350 | 3278010 | 546335 | | 2731675 |
| IAY | സ.ഉ Ms No.(90/13 തസ്വഭവ 14.8.13) | 7867950 | 7081155 | 786795 | | 6294360 |

B5 ഷെഡ്യൂളിൽ Secured Loan from Banks 11394147/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ലോൺ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 161003113 (മുന്നിരിപ്പ് ഉൾപ്പെടെ) |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 121159151 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 688000 |

മേൽ സൂചിപ്പിച്ച വരവ് ചെലവ് തുകകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതാണ്. സ്ഥാപനം ഹാജരാക്കിയ രജിസ്റ്റർ, രേഖകൾ എന്നിവയും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

*സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3 – 2 | 688000 | 128000 | ശ്രീ.ആൻഡ്രൂസ്.റ്റി, സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് |
| | | 560000 | ശ്രീ.അബ്ദുൾ സലാം.റ്റി, സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.റ്റി.ഡി.7(ബി)202/99 തീയതി: 9.07.99 | 4 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.7(ബി)702/99 തീയതി: 9.07.99 | 7 | |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.റ്റി.ഡി.7(ബി)1780/99 തീയതി: 4.08.2000 | 7 |
| 99-2000 | എൽ.എഫ്.റ്റി. ഡി.7(എ) 1062/2000 തീയതി.16.05.2001/14.08.2001 | 1 |
| 2000-01 | എൽ.എഫ്.റ്റി.ഡി.7(എ)658/2002 തീയതി. 4.02.2003 | 12 |
| 2001-02 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1957/05 തീയതി: 5.04.06/7.08.06 | - |
| 2002-03 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1957(a)/2005 തീയതി: 8.6.2006 | 4 |
| 2003-04 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)2134/06 തീയതി:25.06.07/7.10.07 | 5 |
| 2004-05 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)2133/2006 തീയതി:26.6.07/7.10.07 | 3 |
| 2005-06 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)477/08 തീയതി:12.08.08/4.09.08 | 10 |
| 2006-07 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)/377/09 തീയതി:4.11.09/11.1.10 | 10 |
| 2007-08 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)689/10 തീയതി:6.12.10/7.2.11 | 8 |
| 2008-09 | എൽ.എഫ്.റ്റി.ഡി(ബി&ഡി)690/2011 തീയതി:6.02.10/9.02.11 | 9 |
| 2009-10 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)309/12 തീയതി:28.06.12 | 3 |
| 2010-11 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)523/12 തീയതി:28.06.12 | 6 |
| 2011-12 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1064/13 തീയതി: 25.07.13/3.09.13 | 4 |
| 2012-13 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)/858/14 തീയതി: 31.07.14/30.09.14 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം-ബി&ഡി 258/2016 തീയതി. 09-03-16 | 15 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം-ബി&ഡി 773/2016 തീയതി. 10-06-16 | 12 |

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 4

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിൽ വിശദീകരിച്ചിട്ടുള്ളതു പോലെ 6,88,000/-രൂപയുടെ തടസ്സവും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളും ഉൾപ്പെടെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നില്ല. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ: 319/2003/ധന, തീയതി: 12.06.2003 ഉത്തരവും

അനുസരിച്ചാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>ന്യൂനതകൾ</u>

1. BPFA2, BPFA2b, maintenance grant എന്നിവയുടെ വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വാർഷിക ധനകാര്യപത്രികയിൽ BPFA2- നീക്കിയിരിപ്പ് രൂപ 75000/- രേഖപ്പെടുത്തിയിരിക്കുന്നു. സ്ഥാപനത്തിന്റെ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് 0 ആണ്.
3. Receipt & Payment Schedule ൽ Closing balance വിവരങ്ങൾ (RP 40(b) ഉൾപ്പെടുത്തിയിട്ടില്ല.
4. Receipt & Payment Schedule ൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് ചെലവ് തുകകൾ പ്രകാരം നീക്കിയിരിപ്പ് തുക 39843962/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം (B17 Schedule) നീക്കിയിരിപ്പ് 39826262/-രൂപയാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്